പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4578 — 21.03.2018 ൽ മറുപടിയ്ക്ക്

## അരി വില വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.ടി. തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് അരി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) വിലയിരുത്തിയിട്ടുണ്ട്. അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിച്ച് കിലോ ഗ്രാമിന് 25 രൂപ നിരക്കിലും സംസ്ഥാനത്തുടനീളം അരിക്കടകൾ ആരംഭിച്ച് കുറഞ്ഞ നിരക്കിലും അരി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാന അരി ലോബിയുടെ പ്രവർത്തനമാണ് അരി വില വർദ്ധിക്കുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇടപെടലുണ്ടായിട്ടുണ്ടോ; | (ബി) യും (സി) യും സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ ആരംഭിച്ച പ്രത്യേക അരിക്കടകൾ വഴി അരിയുടെ വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) അരി വില ദിനംപ്രതി വർദ്ധിക്കുന്നത് സംസ്ഥാനത്ത് ആരംഭിച്ച അരിക്കടകൾ ഫലപ്രദമല്ലാത്തതിനാലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | |

| | |
|---|---|
| (ഡി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന്റെ പേരിൽ റേഷൻകടകളിൽ റേഷൻ സാധനങ്ങൾ കൃത്യ സമയത്ത് നൽകാത്തത് അരിവില വർദ്ധിക്കുന്നതിന് ഒരു പരിധി വരെ കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നത് മൂലം റേഷൻ കടകളിലേക്കുള്ള റേഷൻ സാധനങ്ങളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാവുകയോ അരിവില വർദ്ധിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ